**എം.എൽ.എ. ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് എൽ.സി.ഡി. പ്രൊജക്ടർ**

**143 (483)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകൾക്ക് എൽ സി. ഡി. പ്രൊജക്ടർ വാങ്ങാൻ എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുകയ്ക്ക് എൽ.സി.ഡി. പ്രൊജക്ടർ ലഭ്യമാക്കാൻ കമ്പനികൾ തയ്യാറാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എൽ.സി.ഡി. പ്രൊജക്ടിന് അനുവദിക്കാവുന്ന തുക വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്റ്റോർ പർച്ചേസ് മാന്വലിലെ നടപടിക്രമങ്ങൾ പ്രകാരം നിലവിലുള്ള നിരക്കിൽ ആവശ്യമായ തുക സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണത്തിന് വേണ്ടി എൽ.സി.ഡി. പ്രോജക്ടർ വാങ്ങാൻ എം.എൽ.എ.മാരുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്.

(ബി) എൽ.സി.ഡി. പ്രൊജക്ടർ ലഭ്യമാക്കാൻ കമ്പനികൾ തയ്യാറാകാത്തത് എം.എൽ.എ.-എസ്.ഡി.എഫ്.ന്റെ നോഡൽ ഓഫീസർമാരായ ജില്ലാ കളക്ടർമാർ നാളിതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) സ്റ്റോർ പർച്ചേസ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട നിരക്കിൽ എൽ.സി.ഡി. പ്രൊജക്ടർ വാങ്ങാവുന്നതാണ്.

**കേരള സംസ്ഥാന സംരംഭക മിഷൻ**

**144 (484)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സംസ്ഥാനത്തെ സംരംഭക മിഷന്റെ കീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം കിട്ടിയെന്നും നൂതനമായ എന്തൊക്കെ സംരംഭങ്ങളാണ് ഇതുവഴി തുടങ്ങുവാൻ കഴിഞ്ഞിട്ടുള്ളതെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly